>> ലേഖനം

വി.എം ഇബ്റാഹീം

# വഴി മാറിത്തരൂ, ഞങ്ങള്‍ പണിയെടുത്തോട്ടെ

**അഞ്ചു വര്‍ഷം പിന്നിടുന്ന സോളിഡാരിറ്റിയുടെ ചരിത്രത്തെയും ഇടപെടലുകളെയും വിലയിരുത്തുകയാണ് സംഘടനയുടെ സംസ്ഥാനസമിതിയംഗമായ ലേഖകന്‍**

**തൊണ്ണൂറുകളില്‍** പുത്തന്‍ സാമ്പത്തിക നയങ്ങളിലൂടെ ഇന്ത്യയില്‍ വിത്തിറക്കിയ ആഗോളവത്കരണം ഒരു ദശകം കഴിഞ്ഞ് പുതുനൂറ്റാണ്ടിലാണ് കൊയ്ത്തു തുടങ്ങിയത്. അപ്പോഴേക്കും ഈ അന്തകവിത്ത് പുഷ്കലമായ നമ്മുടെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തികമണ്ഡലങ്ങളെ ഇനിയൊരു വിളയ്ക്ക് പാകമല്ലാത്തവിധം തരിശാക്കിക്കളഞ്ഞിരുന്നു. അങ്ങനെ വിപ്ലവത്തീ തുപ്പിനടന്ന ക്ഷുഭിതയൗവനങ്ങള്‍ എസ്റ്റാബ്ലിഷ്മെന്റിന്റെ മാറാല നീക്കുന്ന തൂപ്പുജോലിയിലൊതുങ്ങി. വസന്തത്തിന്റെ ഇടിമുഴക്കങ്ങള്‍ ഫണ്ടിംഗ് ഏജന്‍സികളുടെ ശീതീകരണികളില്‍ നനഞ്ഞ ഓലപ്പടക്കങ്ങളായി. പുന്നപ്ര-വയലാര്‍ താണ്ടിവന്ന വിപ്ലവപ്രസ്ഥാനത്തിന്റെ ഇങ്ങേയറ്റത്തുനിന്ന് നവ ആചാര്യന്‍ സീതാറാം യെച്ചൂരി ആഗോളം വിഴുങ്ങുന്ന അനീതിക്കെതിരെ വിജൃംഭിച്ച വികാരം ഡിസ്ചാര്‍ജ് ചെയ്യാന്‍ ലോക സോഷ്യല്‍ഫോറം പോലുള്ള സേഫ്റ്റിവാല്‍വു രാഷ്ട്രീയം മതി എന്ന് അണികളെ ചൊല്ലിപ്പഠിപ്പിച്ചു. ജരാനര ബാധിച്ച പ്രത്യയശാസ്ത്രങ്ങളുടെ തണലില്‍ പ്രബുദ്ധ യൗവനകേരളം ഉച്ചയുറക്കം കൊള്ളുമ്പോഴാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് കര്‍മരംഗത്തേക്ക് കടന്നുവരുന്നത്. ആലസ്യത്തിന്റെ കമ്പളക്കെട്ടിനകത്ത് ചുരുണ്ടുകൂടിയ ചെറുപ്പത്തെ പഴയ ചുറുചുറുക്കിലേക്ക് വിളിച്ചുണര്‍ത്താനുള്ള ദൈവനിയോഗമായിരുന്നു സോളിഡാരിറ്റി.

ആഗോളവത്കരണത്തിന്റെ ആദ്യപ്രഹരം കേരളത്തില്‍ ഏറ്റുവാങ്ങിയത് രാഷ്ട്രീയ-മതസംഘടനകളായിരുന്നു എന്നു പറയാം. അപ്രതിഹതമായ അതിന്റെ കുത്തൊഴുക്കിനു മുന്നില്‍ ആദ്യമാദ്യം പകച്ചുനില്‍ക്കുകയായിരുന്നു പലരും. പയ്യെപ്പയ്യെ അവര്‍ ഒഴുക്കിന്റെ ഭാഗമായി. താരവിവാഹങ്ങള്‍ പാര്‍ട്ടിനേതാക്കളുടെ മംഗല്യച്ചടങ്ങുകള്‍ക്കുമുന്നില്‍ തോറ്റുപോയി. ആര്‍ഭാടത്തിലും അഴിമതിയിലും ഇടത് വലതിനു പൂരണമായി. ആത്മീയ മണ്ഡലത്തില്‍ ഹൈടെക് ആള്‍ദൈവങ്ങള്‍ ഉയര്‍ന്നു. ആണ്ടറുതിയുടെയും കുത്തുറാത്തീബിന്റെയും ചില്ലറവ്യാപാരങ്ങള്‍ സ്വലാത്ത് എന്‍കൗമിയങ്ങള്‍ക്ക് വഴിമാറി.

പന്തമുയര്‍ത്തേണ്ട ചെറുകൈയുകള്‍ പണയത്തില്‍ പോയ ഈ ദശാസന്ധിയിലാണ് വിസമ്മതത്തിന്റെ ചോരത്തുടിപ്പുമായി കാലത്തിനുമേല്‍ കൈയൊപ്പു ചാര്‍ത്താന്‍ സോളിഡാരിറ്റി പ്രതിജ്ഞയെടുത്തത്. 2003 മെയ് 13-ന് സോളിഡാരിറ്റി കേരളത്തിന്റെ കര്‍മമണ്ഡലത്തിലേക്ക് കാലെടുത്തുവെക്കുമ്പോള്‍ പ്രഥമ സംസ്ഥാന പ്രസിഡന്റ് കൂട്ടില്‍ മുഹമ്മദലി പ്രഖ്യാപിച്ചു: "വീണ്ടെടുക്കാന്‍ പോകുന്ന ഈ വിപ്ലവയൗവനത്തെ നാം സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് എന്നു വിളിക്കുന്നു. ഒരേ ലക്ഷ്യം, ഒരേ വികാരം, ഒരു മനസ്സ്, ഒരു ശരീരം-സോളിഡാരിറ്റി ഐക്യത്തിന്റെ ഉരുക്കുകോട്ടയാകും. സമാനമനസ്കരോട് സ്നേഹം, അവര്‍ക്ക് സഹായം, സഹകരണം, മര്‍ദിതജനതക്ക് പിന്തുണ-സോളിഡാരിറ്റി ഐക്യദാര്‍ഢ്യത്തിന്റെ ജീവിക്കുന്ന മാതൃകയാകും."

മര്‍ദിതനോടുള്ള ആ ഐക്യദാര്‍ഢ്യം മര്‍ദകന്റെ മസ്തകത്തിലുള്ള ആഞ്ഞുവീക്കായിരുന്നു. അജയ്യമായ ദൈവികമൂല്യങ്ങളോട് ബദ്ധവൈരം പുലര്‍ത്തുന്ന, ദുരയെ ദൈവമായി പ്രതിഷ്ഠിച്ച മുതലാളിത്തത്തിനെതിരായ സമരവിളംബരമായിരുന്നു ആ രംഗപ്രവേശം. മുതലാളിത്തത്തിന്റെ മലവെള്ളപ്പാച്ചിലില്‍ മലര്‍ന്നു കിടന്നുകൊടുത്ത കേരളത്തിന്റെ സാമൂഹികമണ്ഡലത്തില്‍ മുതലാളിത്തത്തെ വലിച്ചെറിയാനുള്ള ആഹ്വാനം ആദ്യമാദ്യം ദഹനക്കേടുകള്‍ സൃഷ്ടിക്കാതിരുന്നില്ല. എന്നാല്‍ ബാഹ്യാലംകൃതമായ ഈ അധിനിവേശ പൈശാചികതയുടെ നനുത്ത മുഖപ്പിനകത്തുള്ള മണ്ണിനെയും മനുഷ്യനെയും മുടിക്കുന്ന ഭീകരതയെ കേരളം പതുക്കെ തിരിച്ചറിഞ്ഞുതുടങ്ങി.

ജമാഅത്തെ ഇസ്ലാമി രൂപവത്കരിച്ച യുവജനപ്രസ്ഥാനമാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്. എന്നാല്‍ അത് ജമാഅത്തെ ഇസ്ലാമി പ്രവര്‍ത്തകരിലോ മുസ്ലിംകളിലോ മാത്രം പരിമിതപ്പെടാത്ത പൊതു യുവജനപ്രസ്ഥാനമായാണ് കേരളത്തിനുമുന്നില്‍ സ്വയം സമര്‍പ്പിക്കുന്നതെന്ന് നയപ്രഖ്യാപനത്തില്‍തന്നെ വ്യക്തമാക്കിയിരുന്നു. മാറാട് കലു

ഷമാക്കിയ അന്തരീക്ഷത്തിലേക്ക് കാലൂന്നിയ സോളിഡാരിറ്റി 'സൗഹൃദകേരളത്തിന് യുവജനാഹ്വാനം' മുഴക്കി സ്വയം അടയാളപ്പെടുത്തുകയും ചെയ്തു. അക്ഷരങ്ങളിലും വായ്ത്താരികളിലും ഇലാസ്തികമായിരിക്കുകയും അകമേ അടഞ്ഞിരിക്കുകയും ചെയ്യുന്ന, പൊക്കിപ്പിടിച്ച മുദ്രാവാക്യങ്ങൾക്കു പിറകിൽ അടക്കിപ്പിടിച്ച അജണ്ടകൾ ഒളിപ്പിച്ച സംഘടനയല്ല സോളിഡാരിറ്റി. അക്ഷരാർഥത്തിൽ അതൊരു തുറന്ന പുസ്തകമാണ്. അതങ്ങനെ തന്നെ സമൂഹത്തിനു ബോധിച്ചു കഴിഞ്ഞു എന്ന് കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനാനുഭവം തെളിയിക്കുന്നു. കേരളത്തിന്റെ മണ്ണും മനസ്സും പകുത്തുമാറ്റി മുതലാളിത്തവികസനമോഹികൾ ആസൂത്രണം ചെയ്ത എക്സ്പ്രസ് ഹൈവേക്കെതിരെ പോരാട്ടഭൂമിയിൽ പിച്ചവെച്ചുതുടങ്ങിയ ആദ്യനാളുകളിൽ സോളിഡാരിറ്റി ശബ്ദമുയർത്തിയപ്പോൾ അതേറ്റു പിടിച്ച് പാത കടന്നുപോകുന്നിടങ്ങളിലെ പദ്ധതിബാധിതർ ജനകീയ പ്രതിരോധസമിതിയുമായി രംഗത്തുവന്നത് ആവേശകരമായ അനുഭവമായിരുന്നു. ജനപിന്തുണയാർജിച്ച ആ സമരസന്നാഹം ശക്തിപ്പെടുന്നത് കണ്ട അധികാരികൾ പദ്ധതി ഉപേക്ഷിച്ച് അടിയറവ് പറഞ്ഞു. മുന്നണികൾക്കതീതമായി കേരളത്തിൽ ഒരു പുതിയ പ്രതിപക്ഷം ജന്മമെടുക്കുകയാണെന്ന് അധികാരകേന്ദ്രങ്ങൾ തിരിച്ചറിഞ്ഞു. ജനപക്ഷ ഇടപെടലുകൾക്ക് ഫലപ്രാപ്തിയെക്കുറിച്ച ശുഭാപ്തിയേറി. ഭാവിപ്രവർത്തനത്തിനുള്ള വ്യക്തമായ ദിശാസൂചി കൂടിയായി അത്.

സോളിഡാരിറ്റി എന്ന യുവത്വത്തിന്റെ വിപ്ലവക്കൂട്ടിനെ കേരളജനത നെഞ്ചോടു ചേർത്തു തുടങ്ങുകയായിരുന്നു. അനീതിക്കെതിരെ കൈയുയർത്താൻ കെൽപില്ലാത്തവർ ആ ഭാരം സോളിഡാരിറ്റിയിൽ ഇറക്കിവെച്ചു. പ്ലാച്ചിമടയിലെ കോളഭീമനെതിരായ സമരം ഈ കൈത്താങ്ങിന്റെ ഫലമായിരുന്നു. ആദിവാസികളുടെ കുടിവെള്ളം മുട്ടിച്ചും ചിറ്റൂർ താലൂക്കിലെ കാർഷികമേഖലയെ മുടിച്ചും വിഷപാനീയം ഉൽപാദിപ്പിച്ച കമ്പനിക്കെതിരെ വേലൂർ സ്വാമിനാഥൻ, മയിലമ്മ തുടങ്ങിയ ആദിവാസികളും വിളയോടി വേണുഗോപാലിന്റെ നേതൃത്വത്തിൽ ഒരു പറ്റം സഹൃദയരും സമരം നടത്തിവരികയായിരുന്നു. 2002 ഏപ്രിലിൽ സംഘടിതരൂപം കൈവരിച്ച സമരം ചില ഫണ്ടിംഗ്ഏജൻസികളുടെ ഹോംപേജുകളിലും ആക്ടിവിസ്റ്റുകളെന്നു പറയപ്പെടുന്നവരുടെ വായ്ത്താരികളിലും മാത്രം ഒതുങ്ങിനിന്നു. പാലക്കാട്ടുതന്നെ സമരം വേണ്ടത്ര ചർച്ചചെയ്യപ്പെട്ടിരുന്നില്ല. എല്ലാ പ്രമുഖ രാഷ്ട്രീയ യുവജനസംഘടനകളും സൗകര്യപൂർവം നിസ്സംഗത നടിച്ചു. ഈ സന്ദിഗ്ധതയിലാണ് പ്ലാച്ചിമടസമരത്തെ സോളിഡാരിറ്റി കേരളസമൂഹത്തിനു മുന്നിലേക്ക് കൊണ്ടുവന്നത്. ജനനത്തിന്റെ ആദ്യപാദത്തിൽതന്നെ, 2003 ആഗസ്റ്റ് ആറിന്, നടത്തിയ കലക്ടറേറ്റ് മാർച്ചോടെയായിരുന്നു തുടക്കം. പിന്നീടങ്ങോട്ട് പ്ലാച്ചിമട കേരളത്തിൽ കത്തിപ്പടരുകയായിരുന്നു. എല്ലാം കണ്ടു നിറഞ്ഞ കണ്ണുകളോടെ പ്ലാച്ചിമടയിലെ സമരനായിക മയിലമ്മ പറഞ്ഞു: 'നമക്ക് പെരുത്ത് സന്തോസായി'. പ്ലാച്ചിമടയിലെ സമരമുഖത്ത് സോളിഡാരിറ്റിക്കുള്ള അഭിവാദ്യപ്രകടനം. ഫണ്ടിംഗ് ഏജൻസികൾക്കുവേണ്ടി പ്ലാച്ചിമടയിൽ കൂടുകെട്ടിയവർക്കും നിക്ഷിപ്ത രാഷ്ട്രീയതാൽപര്യങ്ങൾക്കു വേണ്ടി സമരത്തെ വളർത്തുകയും തളർത്തുകയും ചെയ്യുന്നവർക്കും ഇടയിൽ അടിയാളർക്കുവേണ്ടിയുള്ള ധർമസമരമെന്ന ദൈവികമായ ബാധ്യതാനിർവഹണം കൂടിയായിരുന്നു അത്. 'ഒരു കുടം വെള്ളവും ഒരു പിടി അരി'യുമായി 2005 ഏപ്രിൽ ഒന്നിന് പ്ലാച്ചിമടയിലേക്ക് നടത്തിയ ഐക്യദാർഢ്യമാർച്ച് പുത്തൻ അനുഭവമായിരുന്നു. കോളഭീമൻ ഭൂഗർഭജലം വലിച്ചൂറ്റി തരിശിട്ട പ്ലാച്ചിമടയിലേക്ക് നിറകുടങ്ങളും അരിച്ചാക്കുകളും ചക്കയും തേങ്ങയും ചേനയും മത്തനും പഴക്കുലകളും തലയിൽ ചുമന്ന് പൊരിവെയിലിൽ കിലോമീറ്ററുകൾ താണ്ടി പ്ലാച്ചിമടയിലെ സമരപ്പന്തലിലേക്ക് ഒഴുകിയെത്തിയപ്പോൾ പ്രദേശം ഒന്നടങ്കം അവർക്ക് സ്വാഗതമോതി.

തുടർന്ന് കേരളത്തിന്റെ, അരികിലൊതുക്കപ്പെട്ട സമൂഹങ്ങളിലേക്ക് പ്രവർത്തകർ ഐക്യദാർഢ്യ സന്ദേശവുമായി കടന്നുചെന്നു. പൂയംകുട്ടിയിലെ ദുർഘട മലമ്പാതകൾ കാൽനടയായി താണ്ടി തലവെച്ചപാറയിൽ 2005 ഏപ്രിൽ 2ന് ആദിവാസികളെ വിളിച്ചുചേർത്തു. മുതുവാൻകോളനിയിലെ ആബാലവൃദ്ധം ജനങ്ങളെ ഊരുകളിൽ നിന്ന് ക്ഷണിച്ചു കൊണ്ടുവന്ന് ഒന്നിച്ചിരുത്തി ഇലവിരിച്ച് സമൃദ്ധമായ സദ്യ വിളമ്പി. മലകയറി വന്ന 'കൊച്ചീലെ മാന്യന്മാരുടെയും വക്കീലന്മാരു'ടെയും മുന്നിൽ 'ദൂഷണം ചെയ്യപ്പെടുന്ന' തങ്ങളുടെ കദനകഥ വിവരിച്ച തേരകുടിയിലെ കാണിക്കാരൻ തായപ്പൻ ഒടുവിൽ സംസാരം അവസാനിപ്പിക്കുമ്പോൾ സ്നേഹപൂർവം ശാസിച്ചു, നിങ്ങളും ഞങ്ങളെ 'ദൂ(ചൂ)ഷണം' ചെയ്താൽ കാടിന്റെ മക്കൾ വെറുതെ വിടില്ലെന്ന്. നേരത്തേ, 2005 ഫെബ്രുവരി ഒന്നിന് എറണാകുളത്ത് പോരാളികളുടെ സംവാദം സംഘടിപ്പിച്ചപ്പോൾ തീരദേശവാസികളുടെ നേതാവ് പീറ്ററും ഇതു തന്നെ പറഞ്ഞു: 'കടലിന്റെ മക്കളെ കൈവിട്ടാൽ എങ്ങനെ പ്രതികരിക്കണമെന്നറിയാം'. വാഗ്ദാനങ്ങൾ കോരിച്ചൊരിഞ്ഞ് പോകുന്ന രാഷ്ട്രീയക്കാരുടെ പതിവു സേവന കലാപരിപാടികൾ കണ്ടു മടുത്തവരായിരുന്നു അവർ. എൻഡോസൾഫാന്റെ രോഗശയ്യയിൽ കിടക്കുന്ന കാസർകോടു മുതൽ ആർത്തിയുടെ ചേറുപുരണ്ട കൊല്ലം വെളിച്ചിക്കാല വരെയുള്ള പ്രദേശങ്ങളിൽ നിന്നെത്തിയ പോരാളികളുടെ സംഗമം ഒരേ ശബ്ദത്തിൽ തിക്താനുഭവങ്ങൾ പങ്കുവെച്ച് പുതിയൊരു ജനപക്ഷ കൂട്ടായ്മക്ക് കൊടിപിടിക്കാൻ സോളിഡാരിറ്റിയെ ക്ഷണിക്കുമ്പോൾ ഡി.വൈ.എഫ്.ഐയുടെ ഇപ്പോഴത്തെ അഖിലേന്ത്യാ പ്രസിഡന്റ് പി. ശ്രീരാമകൃഷ്ണനും യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി എ. ഗോപകുമാറും എ.ഐ.എസ്.എഫ് സെക്രട്ടറി മഹേഷ് കാമത്തും സാക്ഷികളായുണ്ടായിരുന്നു.

സമരവും സേവനവും സമാസമം ചേർത്തുള്ള പുതിയൊരു കർമസംസ്കാരത്തിന് സോളിഡാരിറ്റി തുടക്കമിട്ടു. അനീതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത വിസമ്മതം പ്രകടിപ്പിക്കുമ്പോഴും ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിലും സംഘടന എന്നും നിതാന്ത ശ്രദ്ധ പുലർത്തിവരുന്നു. ജനങ്ങളുടെ സാമ്പത്തിക സഹായവും പ്രവർത്തകരുടെ കായിക ശേഷിയും കൂട്ടിക്കുഴച്ച് സോളിഡാരിറ്റി പ്രവർത്തകർ പണിതുയർത്തിയ 435 ഭവനങ്ങൾ ഇതിന്റെ തുടർച്ചയായിരുന്നു. വികസനത്തിനും സാമൂഹിക സേവനപ്രവർത്തനത്തിനും ഇസ്‌ലാമികശൈലിയിൽ തിരുത്ത് കുറിച്ച സോളിഡാരിറ്റി പ്രഥമ സംസ്ഥാന സമ്മേളനത്തിന്റെ ഓർമക്കുറിയായി രൂപം കൊടുത്ത നൂറു വീട് പരിപാടിയാണ് ആർദ്രത വറ്റാത്ത സമൂഹത്തിന്റെ കൈനീട്ടത്തിൽ നാനൂറും കവിഞ്ഞ് ഇനിയും തുടർന്നുപോവുന്നത്.

കേരളത്തിൽ അങ്ങുന്നിങ്ങോളമുള്ള മൗലികാവകാശ സംരക്ഷണത്തിന്റെ പോർമുഖങ്ങളിൽ പങ്കുചേർന്ന സമര സമ്മേളനങ്ങളുടെ കൊട്ടിക്കലാശമായിരുന്നു 2005 ഏപ്രിൽ 23, 24 തീയതികളിൽ പാലക്കാട്ട് നടന്ന സംസ്ഥാന സമ്മേളനം. ഊഷരമായിക്കൊണ്ടിരുന്ന കേരളത്തിന്റെ മണ്ണിലേക്ക്, ചൂഷിതരുടെയും അടിയാളരുടെയും മനസ്സുകളിലേക്ക് കുളിർമഴയാ

**സമരവും സേവനവും സമാസമം ചേർത്തുള്ള പുതിയൊരു കർമസംസ്കാരത്തിന് സോളിഡാരിറ്റി തുടക്കമിട്ടു. അനീതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത വിസമ്മതം പ്രകടിപ്പിക്കുമ്പോഴും ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിലും സംഘടന എന്നും നിതാന്ത ശ്രദ്ധ പുലർത്തിവരുന്നു. ജനങ്ങളുടെ സാമ്പത്തികസഹായവും പ്രവർത്തകരുടെ കായികശേഷിയും കൂട്ടിക്കുഴച്ച് സോളിഡാരിറ്റി പ്രവർത്തകർ പണിതുയർത്തിയ 435 ഭവനങ്ങൾ ഇതിന്റെ തുടർച്ചയായിരുന്നു.**

യ് പെയ്തിറങ്ങിയ സോളിഡാരിറ്റിയുടെ ദൈവികപ്രചോദനത്തിന്റെയും ജനകീയ പ്രോൽസാഹനത്തിന്റെയും ആ ശക്തിപ്രകടനം പൂരിപ്പിക്കപ്പെടാതിരിക്കട്ടെ എന്നായിരുന്നു ദൈവനിശ്ചയം. കുത്തിച്ചൊരിഞ്ഞ മഴയിൽ സമരാവേശം കത്തിത്തീരുകയല്ല, പോരാട്ടവീര്യത്തിന്റെ ഒരായിരം പുതുനാമ്പുകൾ തളിരിടുകയായിരുന്നു. കേരളത്തിന്റെ അപൂർണമായ ആ അധ്യായത്തിന്റെ ശക്തമായ അനുബന്ധങ്ങൾ തൊട്ടടുത്ത പ്രവർത്തനകാലയളവിലെ ജില്ലാ സമ്മേളനങ്ങൾ കാഴ്ചവെച്ചു. സോളിഡാരിറ്റിക്ക് പിന്തുണയുമായി സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിന്നുള്ളവർ കേരളത്തിലെത്തി. സഹ്യനപ്പുറം സഹനസമരങ്ങളുടെ പ്രതീകമായ നർമദാ ബചാവോ ആന്ദോളൻ, ആസാദി ബചാവോ ആന്ദോളൻ, ഓൾ ഇന്ത്യാ മൂവ്മെന്റ് ഫോർ റീട്ടെയിൽ ഡമോക്രസി തുടങ്ങിയ വേദികളിൽ സോളിഡാരിറ്റി കടന്നുചെന്നു.

കാലം തേടിക്കൊണ്ടിരുന്ന പ്രസ്ഥാനമായിരുന്നു ഇതെന്ന ബോധ്യത്തോടെയുള്ള ഈ സാമൂഹികാംഗീകാരം സംഘടനയുടെ തുടർന്നുള്ള ചുവടുവെപ്പുകളുടെ വേഗമേറ്റി. കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുവേണ്ടി തയാറാക്കിയ പദ്ധതിക്ക് പ്രതീക്ഷയിൽ കവിഞ്ഞ സഹകരണമാണ് മലയാളികൾ നൽകിയത്. സർക്കാർ കൈയൊഴിഞ്ഞവരെ ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിച്ചപ്പോൾ സമൂഹത്തിന്റെ സഹായം കുമിഞ്ഞുകൂടുകയായിരുന്നു. അധികാരികൾ കൈവിട്ടാലും തങ്ങളുടെ കൈ പിടിക്കാനാളുണ്ട് എന്ന ആത്മവിശ്വാസം കേരളത്തിന് കൈമാറാൻ കഴിഞ്ഞു എന്നതുതന്നെയാണ് സോളിഡാരിറ്റിയുടെ നേട്ടം. കൊല്ലം ജില്ലയിലെ മുക്കാൽസെന്റ് കോളനിക്കാരുടെ സ്നേഹാഭിവാദ്യപ്രകടനം മാത്രം മതി ഉദാഹരണം. സർക്കാർ വാക്കു മാറിയപ്പോൾ അധികാരികളുടെ പിറകെ പോകാതെ വാഗ്ദത്തഭൂമി തിരിച്ചുപിടിക്കാൻ പ്രദേശവാസികളെ ഒന്നിച്ചുചേർത്ത് നടത്തിയ സമരം കാര്യം നേടിയെടുത്തേ പിൻമാറിയുള്ളൂ. മുക്കാൽസെന്റ് കോളനിയുടെ രക്ഷാകർതൃത്വം ഏറ്റെടുത്ത ഇസ്‌ലാമിക പ്രസ്ഥാനം അവിടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. തീയിൽ വെന്തുവെണ്ണീറായ എറണാകുളത്തെ സാന്തോം കോളനി കരുപ്പിടിപ്പിക്കുന്നതിന് നടത്തിയ ശ്രമവും ഇതോട് ചേർത്തുവായിക്കണം.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സോളിഡാരിറ്റി ഏറ്റെടുത്ത/ഇടപെട്ട/പ്രതികരിച്ച അസംഖ്യം പ്രശ്നങ്ങളുണ്ട്. എക്സ്പ്രസ് ഹൈവേയെ എതിർത്തു നടത്തിയ പ്രതിഷേധപരിപാടി മുതൽ നിലമ്പൂർ-നഞ്ചൻകോട് റെയിൽ നിർമാണം ആവശ്യപ്പെട്ടു തുടങ്ങിവെച്ച ഒടുവിലെ പ്രക്ഷോഭം വരെ. അശ്ലീലതക്കും അഴിമതിക്കും എതിരായ സമരപരമ്പര മുതൽ സ്വയം തൊഴിൽ പരിശീലന, ജീവിതായോധന സംരംഭങ്ങൾ വരെ. അങ്ങനെ അടിയാളരെ ചവിട്ടിക്കയറി അധികാരസോപാനങ്ങളിലെത്തിയവർ അവഗണിച്ച സമൂഹത്തിന്റെ നിലവിളി കേട്ട് ദൈവികമായ ഉൾവിളിയുടെ പ്രചോദനത്തിൽ ഇറങ്ങിത്തിരിച്ചതാണ് സോളിഡാരിറ്റി. അതിന്റെ സാധ്യതകൾ ഭൗതികമായ വിലയിരുത്തലുകൾ കൊണ്ടുമാത്രം അളക്കാനാവില്ല. ഫണ്ടിംഗ് ഏജന്റുമാരായി, പാർലമെന്ററി വ്യാമോഹക്കാരായി, പ്രതിവിപ്ലവകാരികളും അട്ടിമറിക്കാരുമായി സോളിഡാരിറ്റിയെ ചിത്രീകരിക്കുന്നവരുണ്ട്. പരമാവധി തമസ്കരിക്കാൻ ശ്രമിക്കുന്നവരുണ്ട്.

കെറുവ് തീർക്കാൻ സ്റ്റേജും പേജും ഉപയോഗിച്ചവർ പലരും യഥാർഥത്തിൽ സോളിഡാരിറ്റിയുടെ സാധുതയും സാധ്യതയും അറിയാതെ അംഗീകരിക്കുകയും അനുകരിക്കുകയുമാണ് എന്നതാണ് വിരോധാഭാസം. പ്രതിലോമകാരികളായ മതമൗലികവാദികളുടെ കോപ്രായമായി സോളിഡാരിറ്റി പ്രവർത്തനങ്ങളെ ആക്ഷേപിച്ച വിപ്ലവശിങ്കങ്ങൾ തന്നെ സംഘടനാമുദ്രാവാക്യം പോലും കട്ടു കൊണ്ടുപോയി. വിമോചനത്തിന്റെയും വിപ്ലവത്തിന്റെയും ആകത്തുകയായ ദൈവികമതത്തിന്റെ ഉൾക്കാമ്പിനെക്കുറിച്ച് അറിയാത്ത, അറിയാൻ അറക്കുന്ന മതേതരനാട്യക്കാർ ഇടതുപക്ഷത്തിന്റെ മുദ്രാവാക്യം കോപ്പിയടിക്കുന്നു, പരിഷത്തിന്റെയും മറ്റും ഇടത്തിലേക്ക് കയറിവരുന്നു എന്നൊക്കെ ആക്ഷേപമുന്നയിക്കുന്നു. അപ്പോഴും, അത്തരമൊരിടം ഇനി പൂരിപ്പിക്കാനാവാത്തവിധം ഇടത് വലതു ചേർന്നെന്നും മാനവികതയുടെ വിമോചനമാർഗമായി കൊട്ടിഘോഷിക്കപ്പെട്ട ഇടതുപക്ഷത്തിനല്ല, ധാർമികതയെ ആധാരമാക്കിയ ദൈവദത്തമായ വിമോചനമാർഗത്തിന് സാധ്യത വർധിക്കുകയാണെന്നും അവർ അറിയാതെ അംഗീകരിച്ചുതരികയാണ്.

വ്യക്തിയുടെ സ്വകാര്യ ഇടപാടെന്ന് തീർപ്പുപറഞ്ഞ് മതങ്ങളെ അകറ്റിനിർത്തിയവർ അതിന്റെ വിമോചനമുഖം അനാവരണം ചെയ്യപ്പെടുമ്പോൾ അജ്ഞതയുടെ കുടപിടിച്ച് മറച്ചു രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. മതേതര തീവ്രവാദികളുടെ ഈ സിദ്ധാന്തത്തിന് മുൻകൂർ വഴങ്ങിക്കൊടുത്ത അരാഷ്ട്രീയക്കാരായ മതവാദികളും സോളിഡാരിറ്റിയെ മതവിരുദ്ധമെന്ന് മുദ്രകുത്തി പ്രതിയോഗികൾക്കൊപ്പം നിന്നു. ആദിവാസികളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചപ്പോൾ ഇതെല്ലാം രാഷ്ട്രീയമല്ലേ, ഇത് എന്ത് ഇസ്‌ലാം എന്നു ചോദിച്ച് മിഴിച്ചിരുന്നു. അവർക്കുള്ള മറുപടി പണ്ടേ നൽകിക്കഴിഞ്ഞതാണ്, സമൂഹത്തിന്റെ ഉയിർപ്പിനുവേണ്ടി ജീവൻ പണയം വെച്ച രക്തസാക്ഷി ശഹീദ് ഹസനുൽബന്നാ.....'ഇത് രാഷ്ട്രീയമല്ലേ എന്ന് നിങ്ങൾ ചോദിക്കുന്നു, പറയട്ടെ, ഇത് ഇസ്‌ലാമാണ്. നിങ്ങളീ പറയുന്ന വിഭജനമൊന്നും ഞങ്ങൾക്കറിയില്ല'.

സ്വന്തം വാതിൽപ്പടിക്കൽ വന്നുനിന്ന് എന്തു വരമാണ് വേണ്ടതെന്ന് ചോദിച്ച അലക്സാണ്ടറോട് യവന തത്വജ്ഞാനി മൊഴിഞ്ഞു: 'ഒന്നും വേണ്ട, ആ സൂര്യനു മറയാതെ ഒന്നു മാറിനിൽക്കൂ'.

പോരാട്ടവഴികളിൽ എതിർപ്പിന്റെ ഓലപ്പാമ്പുമായി നിൽക്കുന്ന അകർമണ്യതയുടെ അപ്പോസ്തലന്മാരോട് ഒരു വാക്ക്: ഒന്നു മാറിനിൽക്കൂ, ഞങ്ങൾ പണിയെടുത്തോട്ടെ. ■